# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 384      26.06.2013 - ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) രോഗികൾക്ക് മെച്ചപ്പെട്ട തോതിലുള്ള സേവനങ്ങൾ ലഭ്യമാക്കാനായി സർക്കാർ ആശുപത്രികളിൽ 1961-ൽ നിശ്ചയിച്ച സ്റ്റാഫ് പാറ്റേൺ ശാസ്ത്രീയമായി പരിഷ്കരിക്കാൻ തയ്യാറാകുമോ ; | എ) 1960-ൽ നിശ്ചയിച്ച ജീവനക്കാരുടെ തസ്തികകൾ ആശുപത്രിയിൽ അനുവദിക്കപ്പെട്ട കിടക്കകൾക്ക് ആനുപാതികമായിട്ടായിരുന്നു.എന്നാൽ കാലാകാലങ്ങളിൽ ആശുപത്രികളുടെ വികസനവും പുതിയ ചികിത്സാ വിഭാഗങ്ങളുടെ ആവിർഭാവത്തിനും അനുസരിച്ച് ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ പി.എച്ച്.സി, പി.എച്ച്.സി (24x7), സി.എച്ച്.സി, താലൂക്ക് ആശുപത്രി, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രി (മാനസികാരോഗ്യം), സ്പെഷ്യാലിറ്റി ആശുപത്രി (ലെപ്രസി), സ്പെഷ്യാലിറ്റി ആശുപത്രി (റ്റി.ബി) എന്ന് തരം തിരിച്ചു. ഇതിൽ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികൾക്ക് താഴെ വരുന്ന പി.എച്ച്. സി, പി.എച്ച്.സി (24x7), സി.എച്ച്.സി, താലൂക്ക് ആശുപത്രി (റ്റി.എച്ച്) എന്നിവകളുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി |

| | | | |
|---|---|---|---|
| | | | നിശ്ചയിച്ചിട്ടുണ്ട്. ആധുനിക വൈദ്യശാസ്ത്ര രംഗത്തെ വികസനത്തിനടിസ്ഥാനമാക്കി സർക്കാർ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റികളും, ഡയാലിസിസ് സെന്ററുകളും, ജെറിയാട്രിക് വാർഡുകളും, ഡി അഡിക്ഷൻ സെന്ററുകളും പുതിയതായി അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടതുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| ബി) | നഴ്സുമാരുടെ പ്രൊമോഷൻ അനുപാതത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ തീരുമാനമെടുത്തിട്ടുണ്ടോ ; | ബി) | ഇല്ല. |
| സി) | ജില്ലാതലത്തിന് താഴെയുള്ള ആശുപത്രികളിലും 8 മണിക്കൂർ ജോലി വ്യവസ്ഥ ഏർപ്പെടുത്തണമെന്ന നഴ്സുമാരുടെ ആവശ്യം പരിഗണിക്കുമോ ; | സി) | ആവശ്യം പരിശോധിച്ചു വരുന്നു. |
| ഡി) | പകർച്ചവ്യാധികൾ വ്യാപിക്കുന്നത് കണക്കിലെടുത്ത് നഴ്സുമാരുടെ നിലവിലുള്ള ആയിരത്തിൽപ്പരം ഒഴിവുകൾ ഉടനടി നികത്താൻ നടപടി സ്വീകരിക്കുമോ ? | ഡി) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും കീഴിലുള്ള, ഒഴിവുള്ള നഴ്സിംഗ് തസ്തികകൾ നികത്തുന്നതിന് സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ